**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4595

26.10.2016 ൽ
മറുപടിക്ക്

## കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കാൻ സർക്കാർ എന്നെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) കോടതി വ്യവഹാര ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് 19.12.2013-ലെ സർക്കാർ ഉത്തരവ് (കൈ) 223/13/നിയമം അനുസരിച്ച് ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി വിപുലീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിവരം സംബന്ധിച്ചുള്ള തുടർനടപടികൾ ആഭ്യന്തരവകുപ്പും, നിയമവകുപ്പും സ്വീകരിച്ചു വരികയാണ്. 12.05.2014, 11.02.2015 തീയതികളിൽ പ്രസ്തുത സമിതിയുടെ യോഗം ചേരുകയും കീഴ് കോടതികളുടെ നടപടിക്രമങ്ങൾ പൂർണ്ണമായും മലയാളവത്കരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. |
| (ബി) കോടതി വ്യവഹാരങ്ങൾ മാതൃഭാഷയിലാക്കാത്തതിനാൽ സാധാരണ ജനങ്ങൾ അനുഭവിച്ചു വരുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യവഹാരങ്ങൾ സാധാരണക്കാർക്ക് മനസ്സിലാകുന്ന മാതൃഭാഷയിലേക്ക് മാറ്റാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) സാക്ഷിവിസ്താരം ഇപ്പോൾ മലയാളത്തിലാണ് നടക്കുന്നത്. നോട്ടീസും, സമൻസും, കുറ്റപത്രവും മലയാളത്തിൽ തന്നെയാണ് തയ്യാറാക്കി വരുന്നത്. |
| (സി) ഭരണഭാഷ മലയാളം ആയതിനാൽ കോടതി വ്യവഹാരങ്ങൾ ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേയ്ക്കാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) കേസ് ഫയൽ ചെയ്യുന്നതും, സത്യവാങ്മൂലം സമർപ്പിക്കുന്നതും മലയാളത്തിലാക്കുന്ന കാര്യം അവലോകനയോഗം പരിഗണിക്കുകയും അതിനുള്ള നടപടി പുരോഗമിച്ച് വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ